## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 981** **31-01-2024 - ൽ മറുപടിയ്ക്ക്**

## വന്യജീവി ആക്രമണമേൽക്കുന്നവർക്കുള്ള നഷ്ടപരിഹാരം നല്കാൻ ഇൻഷുറൻസ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്താനുള്ള തീരുമാനം നടപ്പിലാക്കിയോ; വ്യക്തമാക്കാമോ; | (എ) | ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്താനുള്ള തീരുമാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇൻഷുറൻസ് പ്രീമിയം ഏത് രീതിയിൽ കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇൻഷുറൻസ് പദ്ധതിയിൽ നിന്നും കമ്പനികൾ പിന്മാറുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ഇൻഷുറൻസ് പ്രീമീയം ഏത് രീതിയിൽ കണ്ടെത്തണം എന്നത് സംബന്ധിച്ചുള്ള അന്തിമ തീരുമാനം ആയിട്ടില്ല. ഇൻഷുറൻസ് പദ്ധതിയിൽ നിന്നും കമ്പനികൾ പിന്മാറുന്നതായുള്ള ആക്ഷേപംശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കടന്നൽക്കുത്ത്, പാമ്പുകടി തുടങ്ങിയവയും വന്യജീവി ആക്രമണമായി പരിഗണിച്ച് ഇൻഷുറൻസ് പദ്ധതിയുടെ കവറേജിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേൽക്കുന്നവരുടെ ചികിത്സയ്ക്കും നിലവിൽ എത്ര രൂപയാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്; മെച്ചപ്പെട്ട നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ഡി) | 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരവും 05.04.2018-ലെ സ.ഉ. (കൈ) നം. 17/2018/വനം നമ്പർ ഉത്തരവ് പ്രകാരവുമാണ് നിലവിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവിയാക്രമണം മൂലം മരണപ്പെടുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും, മേൽ സർക്കാർ ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | | | അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനും ലഭ്യമാകും. തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിയ്ക്ക്, വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്നവർക്ക് (വനത്തിനകത്തോ പുറത്തോ) നൽകി വരുന്ന അതേ നഷ്ടപരിഹാര തുക തന്നെ 25.10.2022-ലെ സ.ഉ.(കൈ) നം.50/2022/വനം പ്രകാരം അനുവദിച്ചുവരുന്നു. നഷ്ടപരിഹാരം ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ